**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1631** **08-10-2021 - ൽ മറുപടിയ്ക്ക്**

**സോയിൽ കൺസർവേഷന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ജില്ലാ പഞ്ചായത്ത് പദ്ധതികൾ ഉൾപ്പെടെയുള്ള വിവിധ പാക്കേജുകളിൽ സോയിൽ കൺസർവേഷന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളും ബാഹ്യ ഏജൻസികളുടെ ധന സഹായത്തോടെയുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു. ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള വിവിധ പദ്ധതികളിൽ പാരിസ്ഥിതിക പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് നീർത്തടാടിസ്ഥാനത്തിലുള്ള വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങളും ജല സംരക്ഷണത്തിനുള്ള ചെലവ് കുറഞ്ഞ വിവിധ പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പ്രസ്തുത പ്രവൃത്തികളുടെ അളവുകൾ അളവ് പുസ്തകത്തിൽ [എം.ബുക്ക്] രേഖപ്പെടുത്തുന്ന ജീവനക്കാരുടെ തസ്തികളുടെ പേരും അവരുടെ അടിസ്ഥാന യോഗ്യതകളും ലഭ്യമാക്കുമോ; | (ബി) | വകുപ്പ് നടപ്പിലാക്കുന്ന വിവിധ മണ്ണ് ജല സംരക്ഷണ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തുന്നതിന് മണ്ണ് സംരക്ഷണ ഓഫീസർ/അസിസ്റ്റന്റ് എഞ്ചിനീയർമാരെയാണ് നിയോഗിച്ചിരിക്കുന്നത്. മണ്ണ് സംരക്ഷണ ഓഫീസറുടെ അടിസ്ഥാന യോഗ്യത ബി.എസ്.സി അഗ്രിക്കൾച്ചർ ബിരുദവും, അസിസ്റ്റന്റ് എഞ്ചിനീയറുടെ അടിസ്ഥാന യോഗ്യത ബി.ടെക് സിവിൽ/കാർഷിക എഞ്ചിനീയറിംഗും ആണ്. കൂടാതെ ഡെറാഡൂണിലെ മണ്ണ് സംരക്ഷണ പരിശീലന കേന്ദ്രം മുഖേന നാലര മാസത്തെ അടിസ്ഥാന മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പരിശീലനവും നൽകി വരുന്നുണ്ട്. എം,ബുക്കിൽ അളവ് രേഖപ്പെടുത്തുന്നതിന് നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രം (ഐ.ഡബ്ല്യൂ.ഡി.എം.കെ-ചടയമംഗലം) മുഖേന പരിശീലനവും നൽകുന്നു. |
| (സി) | പി.ഡബ്ല്യു.ഡി. മാനദണ്ഡങ്ങൾ അനുസരിച്ചുള്ള എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ അല്ലാത്തവർ പ്രസ്തുത വകുപ്പിൽ അളവ് ബുക്കിൽ [എം.ബുക്ക്] | (സി) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ അധികാര പ്രത്യായോജനത്തിന്റെ (Delegation of Power) ഭാഗമായി സർക്കാർ പുറപ്പെടുവിച്ച |

| | | | |
|---|---|---|---|
| | അളവുകൾ രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | ഉത്തരവനുസരിച്ചാണ് മണ്ണ് സംരക്ഷണ ഓഫീസർ/ അസിസ്റ്റന്റ് എഞ്ചിനീയർമാരെ അളവു രേഖപ്പെടുത്തുന്നതിനായി നിയോഗിച്ചിട്ടുള്ളത്. |
| (ഡി) | എങ്കിൽ അത്തരം ജീവനക്കാരെ എം. ബുക്കിൽ അളവുകൾ രേഖപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ അധികാര പ്രത്യായോജനത്തിന്റെ (Delegation of Power) ഭാഗമായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ചാണ് മണ്ണ് സംരക്ഷണ ഓഫീസർ/ അസിസ്റ്റന്റ് എഞ്ചിനീയർമാരെ അളവു രേഖപ്പെടുത്തുന്നതിനായി നിയോഗിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ